
## കത്തുകൾ




# 'ജനകീയ പ്രക്ഷോഭങ്ങളുടെ കലയും ശാസ്ത്രവും' അഥവാ സമരങ്ങളെ ഒറ്റുകൊടുക്കൽ

**'മാവൂരിൽനിന്ന്** പ്ലാച്ചിമട പഠിക്കേണ്ടത്' (*പാഠഭേദം*, ഫെബ്രുവരി 2008) എന്ന എഡിറ്റോറിയൽ തലവാചകം '*പാഠഭേദ*ത്തിൽനിന്ന് മുതലാളിത്തം പഠിപ്പിക്കുന്നത്' എന്നാക്കി മാറ്റണമെന്ന് തോന്നി.

ഒരു ജനകീയ സമരം എവിടെ തുടങ്ങണം, എവിടംവരെ പോകാം, എങ്ങോട്ടു പോകരുത്, അതിന്റെ കല, ശാസ്ത്രം, സംഗീതം എന്നിവ എങ്ങനെയായിരിക്കണമെന്നെല്ലാം 'അമേരിക്കൻ നിഘണ്ടു'വെച്ച് കൃത്യമായി നിർവചിക്കുന്നു.

'ഒരു സമരം തുടങ്ങുന്നതു പോലെ തന്നെ പ്രധാനമാണ് അവസാനിപ്പിക്കുന്നതും. സമരം തുടങ്ങുന്നതിലുള്ള എളുപ്പം അവസാനിപ്പിക്കുന്നതിലുണ്ടാവണമെന്നില്ല. തുടങ്ങിപ്പോയതുകൊണ്ട് എങ്ങനെയെങ്കിലും അവസാനിപ്പിച്ച് പോകാനുമാവില്ലല്ലോ. സമരം പോലെ തന്നെ പ്രധാനമാണ് സമവായവും. ജനാധിപത്യത്തിലിടപെടുന്ന ഓരോരുത്തരും സമരം നടത്താൻ മാത്രമല്ല സമവായത്തിലെത്താനും ബാധ്യസ്ഥരാണ്. സർക്കാരിന്റെയും സമൂഹത്തിന്റെയും മേൽ ഓരോ സമരവും സമ്മർദം ചെലുത്തുന്നു. ഓരോ സമരത്തിനും പോകാവുന്ന ചില ദൂരങ്ങളുണ്ട്, പോകേണ്ടുന്ന ദൂരങ്ങളും. തക്കസമയത്ത് അവസാനിപ്പിക്കാനുള്ള പക്വത സമരം ചെയ്യുന്നവർക്കുണ്ടാകണം. ഇതാണ് ജനകീയ പ്രക്ഷോഭങ്ങളുടെ കലയും ശാസ്ത്രവും.'

മാവൂർ പ്രക്ഷോഭത്തിന് പാരിസ്ഥിതിക രാഷ്ട്രീയ ഇഛാശക്തി പ്രകടിപ്പിക്കാൻ കഴിയാതെ പോയതുകൊണ്ടാണ് വിജയിച്ചൊരു പ്രക്ഷോഭം വിജയിക്കാതെ പോയതെന്നും, ചരിത്രപരമായ നിർഭാഗ്യമാണിതെന്നും, അതുകൊണ്ട് മാവൂരിൽനിന്ന് പ്ലാച്ചിമട സമരക്കാർ പാഠം പഠിക്കണമെന്നും (ഇല്ലെങ്കിൽ 'പഠിപ്പിക്കും' എന്ന മേലാളധ്വനി) ഉദ്ബോധിപ്പിക്കുന്നു.

സോളിഡാരിറ്റിയെ തലകുത്തനെ നിർത്തി പച്ചയായി കുരിശിൽ തറക്കാനാണ് പിന്നീടുള്ള മഷിചീറ്റൽ. 'സോളിഡാരിറ്റി ദേശീയ തലത്തിൽ കേരളത്തിൽനിന്നുള്ള നവസാമൂഹിക പ്രസ്ഥാനമായി തങ്ങൾ സ്ഥാപിക്കപ്പെട്ടതിലുള്ള ആഹ്ലാദത്തിലാണ്. ഒരു പക്ഷേ ആദിവാസികൾക്കൊഴിച്ച് മറ്റെല്ലാവർക്കും ലോകാവസാനം വരെ തുടരേണ്ട ആഗോളവത്ക്കരണ വിരുദ്ധ സമരമാണിത്. പക്ഷേ, ഇങ്ങനെ സമരം തുടരാൻ ആദിവാസികളെന്തിന് നിന്നു കൊടുക്കണം? ആഴ്ചയിലൊരിക്കൽ ഇവരാരോ എത്തിച്ചുകൊടുക്കുന്ന ഒരുചാക്ക് അരിക്കുവേണ്ടി കമ്പനിപ്പടിക്കലെ സമരപ്പന്തലിൽ നരച്ചിരിക്കണം? ആദർശവാദികളായ മധ്യവർഗം തങ്ങളുടെ ആദർശാത്മക സമരം നടത്തേണ്ടത് സ്വന്തം ചെലവിലാണ്. സ്വന്തം ആദർശവാദത്തിന്റെ കുരിശിൽ തങ്ങളെത്തന്നെയാണ് തറക്കേണ്ടത്, പാവം ആദിവാസികളെയല്ല.'

പ്ലാച്ചിമട പ്രക്ഷോഭം തുടരാൻ

## ബാർ കൗൺസിൽ ഏറ്റെടുക്കുന്നത് ആരുടെ വക്കാലത്ത്?

**മുസ്‌ലിംകളെ** ഭീകരരും തീവ്രവാദികളുമായി ചിത്രീകരിച്ച് പോലീസ് പിടികൂടി ചോദ്യം ചെയ്യുകയും ലോക്കപ്പിലിടുകയും കൽതുറുങ്കിലടക്കുകയും ചെയ്യുന്ന പ്രവണത തെന്നിന്ത്യയിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുന്നു. അതിൽപെട്ട ഒന്നാണ് ഹുബ്ലി സംഭവം. ഹുബ്ലിയിലെ ഒരു ജാറം തീവ്രവാദികേന്ദ്രവും, ജാറത്തിലെ പച്ചക്കൊടി പാകിസ്താൻ പതാകയുമാക്കി മഞ്ഞപത്രങ്ങൾ ആഘോഷിച്ചുകൊണ്ടിരിക്കെയാണ് ഹുബ്ലിയിൽ അറസ്റ്റുകൾ നടന്നത്.

പലിശയില്ലാതെ കടംലഭിക്കുന്ന ഇസ്‌ലാമിക് ഡവലപ്മെന്റ് ബാങ്കിനെ സമീപിക്കാൻ വേണ്ടിയാണ് യഹ്‌യയുമായി മുഹമ്മദ് ആസിഫ് ബന്ധപ്പെടുന്നത്. ഇതിന്റെ പേരിലാണ് ഇദ്ദേഹം അറസ്റ്റു ചെയ്യപ്പെട്ടത്. ഇദ്ദേഹത്തിനു വേണ്ടി കോടതിയിൽ ഹാജരായ അഡ്വ. ഇസ്മാഈൽ ജാലിഗറിനെ ഹുബ്ലി ബാർ അസോസിയേഷൻ പുറത്താക്കിയിരിക്കുകയാണ്. കൊള്ളയും കൊള്ളിവെപ്പും പിടിച്ചുപറിയും ബലാത്സംഗവും അഴിമതിയും കൈക്കൂലിയും കുംഭകോണവും ചാരവൃത്തിയും ചെയ്യുന്ന കുറ്റവാളികൾക്ക് കോടതികളിൽ വാദിക്കുന്നത് വക്കീലുമാരല്ലേ? നാടിന്റെ രഹസ്യം ചോർത്തി കാശുണ്ടാക്കിയിരുന്ന ചാരന്മാരായ കൂമർ നാരായണന്മാർക്കും മഹാത്മാഗാന്ധിയെ വധിച്ച ഗോഡ്സെക്കും ഇന്ദിരാഗാന്ധി, രാജീവ്ഗാന്ധി എന്നിവരുടെ ഘാതകർക്കും വേണ്ടി വാദിക്കാൻ വക്കീലുമാർ രംഗത്തുവന്ന ജനാധിപത്യ രാജ്യത്താണ് നിരപരാധികൾക്കു വേണ്ടി വാദിക്കുന്നവരെ ബാർ അസോസിയേഷൻ പുറത്താക്കിയത്. ഈ നടപടി ഏതർഥത്തിലാണ് വിലയിരുത്തേണ്ടത്. ഹുബ്ലിയിലെ ബാർ അസോസിയേഷൻ മൊത്തമായി വർഗീയ-ഫാഷിസ്റ്റുകൾക്ക് വക്കാലത്ത് ഏറ്റിരിക്കുകയാണോ? ഇന്ത്യയിലെ മുഴുവൻ ബാർ കൗൺസിലുകളും വിലയിരുത്തേണ്ട വിഷയമാണിത്. കേസ് നിലവിലുള്ളതുകൊണ്ട് ഒരാൾ കുറ്റവാളിയാവുകയില്ലെന്ന് സുപ്രീംകോടതി തന്നെ വ്യക്തമാക്കിയതാണ്.

**ഒ.ടി മുഹ്‌യിദ്ദീൻ വെളിയങ്കോട്**

പാടില്ലാത്ത 'മഹാപാതക'മാണെന്നും, ഫാക്ടറിപ്പടിക്കലെ സമരപ്പന്തൽ പെട്ടെന്ന് പൊളിച്ചെറിഞ്ഞ് ആദിവാസികളടക്കമുള്ള പോരാളികൾ ഉടനെ പിരിഞ്ഞുപോകണമെന്നും 'വിശുദ്ധ വിപ്ലവകാരികൾ' തട്ടിവിടുമ്പോൾ ഓർമവരിക എ. അയ്യപ്പന്റെ 'അത്താഴം' എന്ന കവിതയിലെ അഞ്ചുവരികളാണ്. 'എന്റെ സുഹൃത്ത് സിവിക് ചന്ദ്രന്റെ 'പ്രേരണ'യിൽ അടിച്ചുവന്നു' എന്ന് അദ്ദേഹം പ്രത്യേകം എടുത്തുപറഞ്ഞ വരികൾ തന്നെ.

'കാറപടകടത്തിൽ പെട്ടു മരിച്ച
വഴിയാത്രക്കാരന്റെ ചോരയിൽ ചവുട്ടി
ആൾക്കൂട്ടം നിൽക്കെ,
മരിച്ചവന്റെ പോക്കറ്റിൽനിന്നും പറന്ന
അഞ്ചുരൂപയിലായിരുന്നു എന്റെ കണ്ണ്.'

**സൽമ ഇസ്ഹാഖ്**
**ആയഞ്ചേരി**

# കാസ്ട്രോ ഇറാൻ വിപ്ലവത്തെക്കുറിച്ച്

**സാമ്രാജ്യത്വത്തിന്റെ** ഒട്ടേറെ വധശ്രമങ്ങളെ അതിജീവിച്ച് സാമ്രാജ്യത്വ വിരോധികളായ ജനലക്ഷങ്ങൾക്ക് ആവേശവും പ്രതീക്ഷയും നൽകിയ വ്യക്തിത്വമാണ് ഈയിടെ ക്യൂബയിൽ സ്ഥാനമൊഴിഞ്ഞ ഫിദൽ കാസ്ട്രോ.

മതത്തെക്കുറിച്ചും ഇറാനിലെ ഇസ്‌ലാമിക വിപ്ലവത്തെക്കുറിച്ചും അമേരിക്കൻ വാരികയായ *ടൈം*മിന്റെ പത്രാധിപർ അദ്ദേഹവുമായി നടത്തിയ അഭിമുഖത്തിൽ കാസ്ട്രോ വെട്ടിത്തുറന്നുപറഞ്ഞ അഭിപ്രായങ്ങൾ, ഈ വിപ്ലവനേതാവിന്റെ പ്രായോഗിക ബുദ്ധിയും തുറന്ന മനസ്സും വെളിപ്പെടുത്തുന്നു.

ഇറാൻ വിപ്ലവത്തിന്റെ ഭാവിയെക്കുറിച്ച ചോദ്യത്തിന് കാസ്ട്രോവിന്റെ മറുപടി ഇങ്ങനെയായിരുന്നു. 'വിപ്ലവത്തിന് വമ്പിച്ച ജനകീയ ശക്തിയുണ്ട്. മേഖലയിലെ ഏറ്റവും ശക്തവും സുസജ്ജവുമായ സൈനിക ശക്തിയുണ്ടായിരുന്ന ഷായെ, ഫലത്തിൽ നിരായുധരായ അവർ തോൽപിച്ചു കളഞ്ഞു. ആയിരങ്ങളെ ബലികഴിച്ചുകൊണ്ട് അങ്ങേയറ്റത്തെ ധൈര്യത്തോടെ ജനങ്ങൾ പോരാടി' (*ടൈം* 4-2-'80).

'ഖുമൈനിയും അനുയായികളും പ്രകടിപ്പിക്കുന്ന മാർക്സിസ്റ്റ് വിരുദ്ധ വീക്ഷണങ്ങളിൽ താങ്കൾ അസ്വസ്ഥനല്ലേ' എന്ന ചോദ്യത്തിന് 'ഞാൻ അത്രയേറെ അസ്വസ്ഥനല്ല. ജനങ്ങളുടെ ഭാവി ഭാസുരമാക്കാൻ വിപ്ലവത്തിന് കഴിയുമെങ്കിൽ അതിന്റെ അടിസ്ഥാനം മത ദർശനമോ, മാർക്സിസ്റ്റ് ദർശനമോ എന്നത് പ്രശ്നമാകുന്നില്ല' എന്നായിരുന്നു മറുപടി. 'ജനകീയ വിമോചനം മാർക്സിസത്തിലൂടെ മാത്രം' എന്ന സൈദ്ധാന്തിക ശാഠ്യം അദ്ദേഹത്തിനില്ലായിരുന്നു എന്നു വേണം കരുതാൻ.

**റഹ്മാൻ മധുരക്കുഴി**

# മധ്യയുഗത്തിലെ പ്രകാശ ഗോപുരങ്ങൾ

**ഡോ.** ജിം അൽ ഖലീലിയുടെ ലേഖനം (ലക്കം: 37) ശ്രദ്ധേയമായി. ശാസ്ത്ര സാങ്കേതിക മേഖലയിലെ സകല നേട്ടങ്ങൾക്കും അടിത്തറ പാകിയത് പാശ്ചാത്യരാണെന്നാണ് പൊതുധാരണ. മധ്യകാലഘട്ടത്തിൽ മുസ്‌ലിം ശാസ്ത്ര പ്രതിഭകൾ നൽകിയ അമൂല്യ സംഭാവനകൾ വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടിട്ടില്ല. പടിഞ്ഞാറിൽ ധൈഷണിക മുന്നേറ്റത്തിന്റെ ചാലകശക്തികൾ ഉരുവം കൊള്ളുന്നതിനുമെത്രയോ മുമ്പുതന്നെ മധ്യകാല മുസ്‌ലിം പ്രതിഭകൾ വിശ്വ വൈജ്ഞാനിക ചരിത്രത്തിൽ നക്ഷത്ര തുല്യം ധാവള്യം ചുരത്തിയവരായിരുന്നു.

വിഖ്യാത ഫ്രഞ്ച് ശാസ്ത്രജ്ഞൻ മോറിസ് ബുക്കായിയുടെ വാക്കുകൾ അതാണ് വ്യക്തമാക്കുന്നത്. 'എട്ട്, പന്ത്രണ്ട് നൂറ്റാണ്ടുകളിൽ ക്രിസ്ത്യൻ യൂറോപ്പ് ശാസ്ത്ര പുരോഗതിക്ക് വിഘാതം നിന്നിരുന്ന കാലത്ത് മുസ്‌ലിം നാടുകളിലെ പല യൂനിവേഴ്സിറ്റികളിലും ശാസ്ത്ര പഠനങ്ങളും കണ്ടുപിടുത്തങ്ങളും പ്രോത്സാഹിക്കപ്പെട്ടുവെന്നത് ഏറെ വിസ്മയകരം തന്നെ. സംസ്കാരങ്ങളുടെ സുഭിക്ഷത ഈ കാലഘട്ടത്തിലെ ഇസ്‌ലാമിക ലോകത്തിന്റെ പ്രത്യേകത തന്നെയായിരുന്നു. അന്ന് കൊർദോവയിൽ ഖലീഫയുടെ കൊട്ടാര ലൈബ്രറിയിൽ നാലുലക്ഷത്തോളം ഗ്രന്ഥങ്ങളുണ്ടായിരുന്നു. അതു കാരണമായി ഇന്ന് അമേരിക്കയിലേക്ക് ഉന്നതപഠനത്തിന് പോകുന്നതുപോലെ ലോകത്തിന്റെ നാനാഭാഗത്തുനിന്നും വിദ്യാർഥികൾ ജ്ഞാന സമ്പാദനത്തിനായി മുസ്‌ലിം സ്പെയിനിലേക്കായിരുന്നു ഒഴുകിയിരുന്നത്.'

ഇമാം റാസി, ഇബ്നുസീന, അബൂനസ്റുൽ ഫാറാബി, അൽബിറൂനി, ജാബിർ ബിൻ ഹയ്യാൻ, ഇബ്നുഹൈഥം, ഇബ്നുഖൽദൂൻ, ഇബ്നുറുശ്ദ്... അങ്ങനെ എത്രയോ പേരാണ് ജ്ഞാനതെളിച്ചവുമായി വിവിധങ്ങളായ വിജ്ഞാന ശാഖകൾക്ക് അടിത്തറ പാകിയത്.

ഡോ. ജിം അൽ ഖലീലി സൂചിപ്പിച്ചതുപോലെ പ്രകാശ ശാസ്ത്രത്തിന്റെ പിതാവായി പാഠപുസ്തകങ്ങൾ ഐസക് ന്യൂട്ടനെ വാഴ്ത്തുന്നു. എന്നാൽ അദ്ദേഹത്തിന് ഏഴുനൂറ്റാണ്ടു മുമ്പ് ജീവിച്ച മുസ്‌ലിം ശാസ്ത്ര പ്രതിഭയുടെ ഗവേഷണ ഫലങ്ങളിൽ ഊന്നിയായിരുന്നു ന്യൂട്ടന്റെ പ്രകാശ പഠനമെന്ന വസ്തുത വിസ്മൃതിയിലേക്ക് തള്ളപ്പെട്ടിരിക്കുന്നു. ആധുനിക ശാസ്ത്ര രീതികളുടെ പിതാവാണ് എ.ഡി 965-ൽ ഇറാഖിൽ ജനിച്ച ഇബ്നുഹൈഥം. ലോകത്ത് അന്നുവരെ ഒരാളും ചിന്തിച്ചിട്ടില്ലാത്ത രീതിയിലായിരുന്നു പ്രകാശത്തെക്കുറിച്ച് ഇബ്നുഹൈഥം ചിന്തിച്ചത്. പ്രകാശത്തിന്റെ സഞ്ചാരത്തെക്കുറിച്ച് അദ്ദേഹം ഗഹനമായ ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. എഴുപതോളം ഗ്രന്ഥങ്ങളുടെ കർത്താവായ ഇബ്നുഹൈഥമിന്റെ മാസ്റ്റർപീസ് പ്രകാശ ശാസ്ത്ര സംബന്ധിയായ 'കിതാബുൽ മനാളിർ' ആണ്. യൂറോപ്പിൽ ഏറെക്കാലം പ്രചാരത്തിലിരുന്ന ഈ ഗ്രന്ഥം വിറ്റ്ലോ, റോജർ ബേക്കർ, പെക്ഹാം തുടങ്ങി നിരവധി ചിന്തകന്മാരെ ആകർഷിച്ചിട്ടുണ്ട്.

ഈ ചരിത്രങ്ങൾ മുമ്പിൽ വെച്ച് മുസ്‌ലിം സമുഹത്തിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു.

**ഫസൽ കൊച്ചി, ജിദ്ദ**

# ചുരുക്കെഴുത്ത്

**മദ്യത്തിനെതിരെ** ഏറ്റവും ഫലപ്രദമായി ഇടപെടാൻ കഴിയുക മുസ്‌ലിം സമൂഹത്തിനാണ്. അതിനാൽ, മഹല്ല് ടിസ്ഥാനത്തിലും അല്ലാതെയും ശക്തമായ കൂട്ടായ്മകൾ മദ്യമാഫിയക്കെതിരെ വളർന്നുവരേണ്ടതുണ്ട്. 'ലഹരി, ചൂതാട്ടം, അശ്ലീലത' എന്ന പേരിലും 'പലിശ, ലഹരി, ചൂതാട്ടം' എന്ന പേരിലും രണ്ട് സംഘടനകൾ കാമ്പയിൻ നടത്തുന്നത് അഭിനന്ദനീയമാണ്. ഈ സാമൂഹിക വിപത്തിനെതിരെ എല്ലാവരും ചേർന്ന് എന്തുകൊണ്ട് ഒരു വലിയ കാമ്പയിൻ നടത്തിക്കൂടാ?

**വി.എം നൗഷാദ് എടത്തര**